പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.284 — 22.06.2012 ൽ മറുപടിയ്ക്ക്

# അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>,, എ. പ്രദീപ് കുമാർ<br>,, കെ. സുരേഷ് കുറുപ്പ്<br>,, ബി. സത്യൻ | | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റിൽ എന്തു തുകയാണ് നീക്കിവെച്ചിരുന്നത്; അതിൽ എത്ര തുക ചെലവഴിച്ചു ; | എ) | 5 കോടി രൂപ നീക്കിവച്ചിരുന്നു. തുകയൊന്നും ചിലവഴിച്ചിട്ടില്ല. |
| ബി) പദ്ധതി നടപ്പാക്കപ്പെട്ടത് സംസ്ഥാനത്തെ എത്ര നഗരങ്ങളിലാണ് എന്ന് വെളിപ്പെടുത്താമോ ; | ബി) | സംസ്ഥാനത്തെ 60 മുനിസിപ്പാലിറ്റികളും 5 കോർപ്പറേഷനുകളും ഉൾപ്പെടെ 65 നഗരസഭാസ്ഥാപനങ്ങളിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നു. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രചരണ പ്രവർത്തനങ്ങളും പരിശീലനങ്ങളും എല്ലാ ജില്ലകളിലും പൂർത്തിയായിട്ടുണ്ട്. 41 നഗരസഭാ സ്ഥാപനങ്ങളിൽ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. |
| സി) പദ്ധതി പ്രകാരം നഗര പ്രദേശങ്ങളിലെ കുടുംബങ്ങളിൽ പ്രായപൂർത്തിയായവർക്ക് കുറഞ്ഞത് ഒരു വർഷത്തിൽ 100 ദിവസമെങ്കിലും തൊഴിൽ ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ എന്ന് . വിലയിരുത്തിയിട്ടുണ്ടോ ? | സി) | ഇല്ല. |

സെക്ഷൻ ഓഫീസർ